പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3241 — 24.06.2013 ൽ മറുപടിയ്ക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായമായി അനുവദിച്ച തുക വിതരണം ചെയ്യുമ്പോൾ ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിക്കണമെന്ന വ്യവസ്ഥയുണ്ടോ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം ഗുണഭോക്താക്കൾക്ക് യഥാസമയം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് വേണ്ടി 50,000/-രൂപയ്ക്ക് മുകളിൽ അനുവദിക്കുന്ന ധനസഹായം മാത്രം ബന്ധപ്പെട്ട എം.എൽ.എ/എം.പി -മാർ മുഖാന്തിരം വിതരണം ചെയ്താൽ മതി എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം തളിപ്പറമ്പ് താലൂക്കിൽ എത്ര പേർക്ക് എത്ര തുക വീതം ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തളിപ്പറമ്പ് താലൂക്കിൽ 1981 പേർക്കായി 1,74,48,780/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത തുക വിതരണം ചെയ്യുന്നത് ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) നിലവിലുള്ള വ്യവസ്ഥ പ്രകാരം, 50,000/-രൂപയ്ക്ക് മുകളിൽ അനുവദിക്കുന്ന ധനസഹായം വിതരണം ചെയ്യുന്ന അവസരങ്ങളിൽ ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിക്കാറുണ്ട്. |

Vaijal

സെക്ഷൻ ഓഫീസർ.